BITS

## ക്ളാർക്കിനെ കല്ലെറിയുന്നു

നഗ്നചിത്ര വിവാദത്തിൽ പെട്ടുഴലുന്ന കാമുകിക്ക് ആശ്വാസം പകരാൻ ന്യൂസിലൻഡിനെതിരായ ഏകദിന പരമ്പര ഉപേക്ഷിച്ച് നാട്ടിലേക്ക് മടങ്ങിയ ആസ്ട്രേലിയ ഉപനായകൻ മൈക്കേൽ ക്ളാർക്കിന് നേരെ വിമർശനങ്ങൾ. ക്ളാർക്കിന് കളിയോടാണോ കാമുകിയോടാണോ കടപ്പാടെന്നാണ് മുൻ നായകൻ ഇയാൻ ചാപ്പൽ ചോദിച്ചത്.

## ഞെട്ടിപ്പോയെന്ന് വഖാർ

ഒരുവിധപ്പെട്ട താരങ്ങൾക്കെല്ലാം വിലക്ക് നൽകിയ പി.സി.ബിയുടെ നടപടിയിൽ താൻ ഞെട്ടിപ്പോയെന്ന് പാക് ടീമിന്റെ പുതിയ കോച്ച് വഖാർ യൂനിസ്. ഇങ്ങനൊരു ചതി താൻ പ്രതീക്ഷിച്ചില്ലെന്നും യൂനിസ് പറഞ്ഞു

## സച്ചിൻ രണ്ടാമതെന്ന് വോ

ലോക ക്രിക്കറ്റിൽ എന്നും ഒന്നാംസ്ഥാനത്ത് സർ ഡോൺ ബ്രാഡ്മാൻ തന്നെയെന്ന് ആസ്ട്രേലിയൻ മുൻ ക്യാപ്ടൻ സ്റ്റീവ് വോ. ബ്രാഡ്മാന് താഴെ രണ്ടാംസ്ഥാനത്താണ് സച്ചിനെന്നും വോ പറഞ്ഞു. ഗാരിസോബേഴ്സിനെ ഇവർക്ക് ശേഷമേ കാണാൻ പറ്റൂവെന്നും വോ പറഞ്ഞു.

## മറഡോണ അത്ര പോരെന്ന്

അർജന്റീനിയൻ ഫുട്ബാൾ ഇതിഹാസം ഡീഗോ മറഡോണയുടെ കിടപ്പറയിലെ പെർഫോമൻസ് അത്രപോരെന്ന് മുൻ കാമുകിയുടെ കമന്റ്. മറഡോണ തന്നെ പ്രണയിച്ച് പറ്റിച്ചെന്ന ആരോപണവുമായി രംഗത്തെത്തിയ 25 കാരി അനാൽമ സർക്വേസാണ് ഈ അഭിപ്രായപ്രകടനം നടത്തിയത്. 49 കാരനായ മറഡോണ 2008 ലാണ് അനാൽമയുമായി പ്രണയത്തിലായിരുന്നത്.

## കോച്ചസ് ക്ളിനിക് ഇന്ന് സമാപിക്കും

കൊച്ചി : ഇന്ത്യൻ ബാസ്കറ്റ് ബാൾ കോച്ച് അലക്സാണ്ടർ ബുക്കാന്റെ നേതൃത്വത്തിൽ അഞ്ചുദിവസമായി കടവന്ത്ര രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്നുവരുന്ന കോച്ചസ് ക്ളിനിക് ഇന്ന് സമാപിക്കും. 70 തിലധികം കോച്ചുമാരാണ് ക്ളിനിക്കൽ പങ്കെടുത്തത്.



# ചീയേഴ്സ് ക്രിക്കറ്റ്

മുംബയ് : ഇനി ക്രിക്കറ്റ് കാർണിവൽ. അടിച്ചുപൊളിക്രിക്കറ്റിന്റെ ദിനങ്ങൾക്കായി കണ്ണും കാതും തുറന്നിരിക്കാം. ഇന്ത്യൻ ക്രിക്കറ്റിലെ വെടിക്കെട്ടിന് നാളെ മുംബയ് തിരികൊളുത്തും. സുരക്ഷാ പ്രശ്നങ്ങൾമൂലം കഴിഞ്ഞവർഷം ദക്ഷിണാഫ്രിക്കയിലേക്ക് വണ്ടികയറിയ ഐ.പി.എല്ലിന്റെ തിരിച്ചുവരവ് ഗംഭീരമാക്കാനാണ് ബി.സി.സി.ഐയുടെ ശ്രമം. ഇടക്കാല താരലേലത്തിലെ പുതിയ താരങ്ങളെ സ്വന്തമാക്കിയും പഴയ നായകനെ മാറ്റിയും പഴയയാളെ തിരിച്ചുവിളിച്ചുമൊക്കെ എട്ടു ക്ളബുകളും ടൂർണമെന്റിന് കച്ചമുറുക്കിക്കഴിഞ്ഞു.

ആദ്യ സീസൺമുതൽ ഒപ്പമുണ്ടായിരുന്ന വിവാദങ്ങൾ ഇത്തവണയും ഐ.പി.എല്ലിനെ വിട്ടൊഴിഞ്ഞിട്ടില്ല. ഭീകരരുടെയും ശിവസേനക്കാരുടെയും ഭീഷണികൾക്ക് പുറമേ അന്താരാഷ്ട്ര വാർത്താ ഏജൻസികളുടെയും ന്യൂസ് ചാനലുകളുടെയും ബഹിഷ്കരണ ഭീഷണിയും ഈ സീസണിനുണ്ട്. അടുത്ത സീസണിലേക്കുള്ള പുതിയ രണ്ട് ടീമുകൾക്കായുള്ള ലേലം കലങ്ങിയതും തിരിച്ചടിയായിട്ടുണ്ട്.

നാളെ ഡി.വൈ. പട്ടീൽ സ്റ്റേഡിയത്തിൽ നിലവിലെ ചാമ്പ്യന്മാരായ ഡെക്കാൻ ചാർജേഴ്സും കൊൽക്കത്താ നൈറ്റ് റൈഡേഴ്സും തമ്മിലാണ് ആദ്യ മത്സരം. ആസ്ട്രേലിയൻ താരം ആദം ഗിൽക്രിസ്റ്റാണ് ചാർജേഴ്സിനെ നയിക്കുന്നത്. ആദ്യ സീസണിനു ശേഷം സൗരവ് ഗാംഗുലി ക്യാപ്ടൻ സ്ഥാനത്തേക്ക് മടങ്ങിവരുന്നതാണ് നൈറ്റ് റൈഡേഴ്സിന്റെ പ്രത്യേകത.കഴിഞ്ഞ രണ്ട് സീസണിലും പാടേ പരാജയപ്പെട്ട കൊൽക്കത്താ നൈറ്റ് റൈഡേഴ്സിനെ ഇത്തവണ നേട്ടത്തിലെത്തിക്കാനൊരുങ്ങുകയാണ് ഷാരൂഖ് ഖാൻ. കളിയോടുള്ള സമീപനത്തിൽ മാറ്റംവരുത്തിയാൽ നൈറ്റ് റൈഡേഴ്സ് ഇത്തവണ കിരീടം നേടുമെന്നാണ് ഷാരൂഖിന്റെ അഭിപ്രായം.

തെലുങ്കാന പ്രക്ഷോഭത്തിന്റെ പേരിൽ ഹൈദരാബാദിൽ നടക്കേണ്ടിയിരുന്ന മത്സരമാണ് മുംബയിലേക്ക് മാറ്റിയത്

# ഏഴാം സ്ഥാനമെങ്കിലും

ന്യൂഡൽഹി : ലോകകപ്പ് ഹോക്കി ടൂർണമെന്റിലെ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് നടക്കും. ആദ്യ സെമിയിൽ നിലവിലെ ചാമ്പ്യന്മാരായ ജർമ്മനിയും ഇംഗ്ളണ്ടുമാണ് ഏറ്റുമുട്ടുന്നത്. രണ്ടാം സെമിയിൽ ആസ്ട്രേലിയയും ഹോളണ്ടും പോരാടും.

എ പൂളിൽ മൂന്നു ജയവും രണ്ട് സമനിലയുമായി 11 പോയിന്റ് നേടി ഒന്നാം സ്ഥാനക്കാരായാണ് ജർമ്മനി സെമിയിലേക്കെത്തിയിരിക്കുന്നത്. എതിരാളികളായ ഇംഗ്ളണ്ടാകട്ടെ ഒറ്റക്കളിമാത്രമാണ് തോറ്റതെങ്കിലും പൂൾ ബിയിൽ രണ്ടാം സ്ഥാനക്കാരാണ്. സ്പെയ്നാണ് ഇംഗ്ളണ്ടിനെ അട്ടിമറിച്ചത്., ഇന്ന് നടക്കുന്ന 11 – 12 സ്ഥാനങ്ങൾക്ക് വേണ്ടിയുള്ള മത്സരത്തിൽ പാകിസ്ഥാൻ കാനഡയെ നേരിടും. കാനഡ ഇതുവരെ ഒറ്റ മത്സരവും ജയിച്ചിട്ടില്ല. പാകിസ്ഥാന് ഒരു ജയം മാത്രമാണുള്ളത്. നാളെ നടക്കുന്ന 7–8 സ്ഥാനങ്ങൾക്ക് വേണ്ടിയുള്ള പ്ളേ ഓഫിൽ ഇന്ത്യ അർജന്റീനയെ നേരിടും.

തമ്പാൻ മകൾക്കൊപ്പം

# ഭാഗ്യദേവത വന്നത് പുലരിച്ചന്ത വഴി

കായംകുളം: ബംബർ ലോട്ടറി ടിക്കറ്റുകൾ മാത്രം എടുക്കുന്ന തമ്പാന് ഒടുവിൽ ബംബറടിച്ചു. കേരള സമ്മർ ബംബർ ഭാഗ്യക്കുറിയുടെ രണ്ടു കോടി രൂപയുടെ ഒന്നാം സമ്മാനം.

പുതുപ്പള്ളി വടക്ക് കുറ്റിശേരിൽ തമ്പാൻ (36) മാർച്ച് രണ്ടിന് മത്സ്യം വാങ്ങാൻ പുതുപ്പള്ളി പുലരിച്ചന്തയിൽ എത്തിയപ്പോൾ ലോട്ടറിക്കച്ചവടക്കാരൻ സദാശിവൻപിള്ളയിൽ നിന്നാണ് ടിക്കറ്റെടുത്തത്.

യു.എ.ഇയിലെ റാസൽ ഖൈമയിൽ ഓട്ടോ ഇലക്ട്രിഷ്യനായ തമ്പാൻ ഫെബ്രുവരി 9നാണ് നാട്ടിലെത്തിയത്. നാട്ടിലായാലും പുറത്തായാലും ബംബർ ടിക്കറ്റുകൾ മാത്രമേ വാങ്ങൂ.

ഒന്നാം സമ്മാനമായ രണ്ടു കോടി രൂപ മുതുകുളത്തുള്ള ആർക്കോ അടിച്ചുവെന്നാണ് തമ്പാൻ അറിഞ്ഞത്. ഇന്നലെയും പുലരിച്ചന്തയിൽ എത്തിയപ്പോൾ സദാശിവൻപിള്ളയെ കണ്ടു. നൂറു രൂപയെങ്കിലും ലഭിച്ചോ എന്നറിയാൻ പോക്കറ്റിൽ കിടന്ന ലോട്ടറിയെടുത്ത് നോക്കിയപ്പോൾ ഞെട്ടി. രണ്ട് കോടി സമ്മാനം തനിക്ക്.

സമ്മാനാർഹമായ ടിക്കറ്റ് ഫെഡറൽ ബാങ്ക് ദേവികുളങ്ങര ശാഖയിൽ ഏല്പിച്ച തമ്പാൻ ഇനി മണലാരണ്യത്തിൽ തിരിച്ചുപോകുന്നത് രണ്ടുവട്ടം ആലോചിച്ചേയുള്ളൂ.

നാട്ടിൽ നിൽക്കുകയാണെങ്കിൽ ചെറിയ ഒരു ബിസിനസ് തുടങ്ങണം. മൂന്ന് സഹോദരിമാരെ കെട്ടിച്ചയച്ചുവെങ്കിലും അവർ കഷ്ടപ്പാടിലാണ്. അവരെ സഹായിക്കണം. പശുവിനെ വളർത്തി ജീവിക്കുന്ന അച്ഛൻ ഭാർഗവൻപിള്ളയ്ക്കും അമ്മ സത്യഭാമയ്ക്കും ഒപ്പമാണ് താമസം. ഭാര്യ: സന്ധ്യ. മക്കൾ: ആറുവയസുകാരി ദേവപ്രിയയും രണ്ടുവയസുകാരി ലക്ഷ്മി പ്രിയയും.


## രോഗികളുടെ ശ്രദ്ധയ്ക്ക്

വെള്ളപ്പാണ്ഡ് 100% മാറ്റും, സോറിയാസിസ്, ത്വക്കിലെ കറുപ്പ്, ഹെപ്പറ്റൈറ്റിസ് B,C,HBs Ag, HCV, Anti H.I.V. വൈറസ് നെഗറ്റീവാക്കി മാറ്റും. കരൾ സീറോസിസ് 100% മാറ്റും, ഫാറ്റി ലിവർ, തലമുടി നര, താരൻ, കഷണ്ടിമാറ്റി മുടി കിളിർത്തുന്നു, ഹൃദയ ബ്ളോക്ക്, ഗൊണേറിയ, ഹെർപ്പിസ്, ഡിഫി ലിസ്റ്റ്, വലിപ്പക്കുറവ്, ബലക്കുറവ്, ശ്രീഘസ്ഖലനം, ലൈംഗീകരോഗനാഡി തളർച്ച, വന്ധ്യത, മൂലക്കുരു, മുഖക്കുരു, അപസ്മാരം, ചുമ, നടുവേദന, അൾസർ, വണ്ണം കൂട്ടാൻ, കുറയ്ക്കാൻ, ഹെർണ്ണിയ. പോളിസിസ്റ്റിക്സിസ്റ്റ്, മുഴ, ബ്രസ്റ്റിന് വലിപ്പം വയ്ക്കൽ, മദ്യം നിർത്തൽ, മൂത്രാശയകല്ല്.

ആര്യഫാർമ

വൈ. എം. സി. എ ലൈൻ, ചിറ്റൂർ റോഡ്, എറണാകുളം

Mob: 9846121080

## കുവൈറ്റ്

(ഫ്രീ റിക്രൂട്ട്മെന്റ്)

ഹൗസ് നേഴ്സ്

ലേഡീസ് ടൈലറിംഗ് (F)

ആകർഷകമായ ശമ്പളം, സൗജന്യ ഭക്ഷണവും താമസവും

ഖത്തർ

ഫാമിലി ഡ്രൈവർ

ഹൗസ് ബോയ്, കുക്ക്.

സൗദി

Pharmacist ( M. Pharm)

Chemist - Mineral Water

Land Surveyor

Civil Engineer (Road & Bridge)

ദുബായ്

ഡ്രൈവർ

(ഹെവി & ലൈറ്റ് – UAE Licence)

ബ്യൂട്ടീഷ്യൻ (F)

AL-HAQUE TRAVELS

M.C. Road, Perumbawoor, EKM Dt.,

Tel: 0484 - 2594509, 3214868, 3256268,

Mob: 9447601841, 98462 95311.

E-mail : haquetravels@yahoo.co.in

## കാമദേവാകർഷണ ഏലസ്സ്

ജ്യോതിഷവിഷയങ്ങൾക്കും മാന്ത്രിക കർമ്മങ്ങൾക്കും ജാതിമതഭേദമെന്യേ സർവ്വർക്കും അനുഗ്രഹം

ധനവശ്യം, ശത്രുവശ്യം, രാജവശ്യം, പൊതുജനവശ്യം, പിണങ്ങിപ്പിരിഞ്ഞ ഭാര്യാ - ഭർത്താക്കന്മാർ, കാമുകി - കാമുകന്മാർ, പ്രിയ സുഹൃത്തുക്കൾ, മാതാപിതാക്കൾ, മക്കൾ, ബന്ധുമിത്രാദികൾ എന്നിവർ തിരിച്ചുവരുന്നതിനും എന്നെന്നും പരസ്പരാകർഷണത്തോടെ കഴിയുന്നതിനും അതിശക്തിയേറിയ കാമദേവാകർഷണ ഏലസ്സ്. ഒരു സംസാരമോ ഒരു സ്പർശനമോകൊണ്ട് എതിർലിംഗത്തിൽ പെട്ടവരെ ആകർഷിക്കാൻ ഈ അത്ഭുത മാന്ത്രിക ഏലസ്സിന് കഴിയുന്നു. (വശീകരിക്കുന്നതിനുവേണ്ടി അത്ഭുതകരമായ രീതിയിൽ പ്രവർത്തിക്കാൻ മാന്ത്രിക വിദ്യകളും സാദ്ധ്യനാമവും, കാമഗായത്രീമന്ത്രവും യന്ത്രവും ബീജാക്ഷരവും സിദ്ധൗഷധവും കരുശക്തിയും ചേർത്ത് തയ്യാർചെയ്യുന്നത്) ഇത് ധരിക്കുന്നവരെ കാമദേവൻ പൂർണ്ണ മനസ്സോടെ അനുഗ്രഹിക്കുന്നു. നിങ്ങളുടെ മന്മഥ മനോഭാവം സാധിപ്പിക്കുന്നു. അനംഗ കാവ്യകലയുടെ പദനീസ്ഥാനം തൊട്ടടുത്ത് മോഹങ്ങളെ ജ്വലിപ്പിക്കുന്നു! ഭാഗ്യം തേടിവന്ന് പുല്കുന്നു. ആനന്ദമകരന്ദം പന്ത്രണ്ടുവർഷം മുഴുവൻ!!

അതിശക്തിയേറിയ ഈ വശീകരണ ഏലസ്സ് സ്ത്രീക്കും പുരുഷനും അത്യുത്തമം.

ഏലസ്സ് ലഭിക്കാനായി

വരിക, എഴുതുക.

താന്ത്രിക യോഗി എൽ. വിദ്യാധരൻ സ്വാമികൾ (മേൽശാന്തി)

ശിവഹനുമാൻ സ്വാമിക്ഷേത്രം & ശരവണഭവ ജ്യോതിഷാലയം.

രജി. നമ്പർ 26292.

ഫോൺ:0471-2225187.

Cell:9388611776

വാട്ടർ സപ്ലൈ ടാങ്കിന് വടക്കുവശം, വഴിമുക്ക്, ബാലരാമപുരം പി.ഒ., കേരളം, ഇന്ത്യ, പിൻ - 695 501.


## കേരള വനം വകുപ്പ്, കോതമംഗലം ഫോറസ്റ്റ് ഡിവിഷൻ

### ലേലപ്പരസ്യം

ഏൽ 2 – 612/00 തീയതി : 27.02.2010

കോതമംഗലം ഡിവിഷനിൽപ്പെട്ട താഴെ പട്ടികയിൽ പറയുന്ന റെയിഞ്ചുകളിലെ വിവിധ കേസുകളിൽപ്പെട്ട തൊണ്ടി തടികൾ, കഴകൾ, വിറക് ഉരുപ്പടികൾ മുതലായവ പട്ടികയിൽ കാണിച്ചിരിക്കുന്ന തീയതികളിൽ അതത് റെയിഞ്ച് ഓഫീസുകളിൽ വച്ചോ, ഡിപ്പോ കോമ്പൗണ്ടിൽ വച്ചോ 22.12.09 – ലെ 50-ാം നമ്പർ കേരള ഗസറ്റ് ഫോറസ്റ്റ് ഷീറ്റ് നമ്പർ 669 മുതൽ 675 വരെയുള്ള പേജുകളിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അവർകളുടെ 2.12.09 – ലെ പ്രൊ (5) 6835/09 പ്രകാരം ആധികാരികമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിശദമായ ദർഘാസ് / ലേല വ്യവസ്ഥകൾക്കും അവയ്ക്ക് കാലാകാലങ്ങളിൽ ഉണ്ടാകുന്ന കൂട്ടിച്ചേർക്കലുകൾക്കും മാറ്റങ്ങൾക്കും തൊണ്ടി ലേല വ്യവസ്ഥകൾക്കും വിധേയമായി കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേല നടപടികൾ അതത് ദിവസം രാവിലെ 11 മണിക്ക് ആരംഭിക്കുന്നതാണ്. ലേലദിവസം ഒരു പൊതു അവധി പ്രഖ്യാപിക്കുന്നതായാൽ അടുത്ത പ്രവൃത്തിദിവസം നിശ്ചിത സമയത്ത് ലേലം നടക്കുന്നതായിരിക്കും.

കേസിൽ ഉൾപ്പെട്ട കയറ്റുമതി ഇനം തേക്ക്, ആഞ്ഞിലി തടികളും ലേലത്തിൽ ഉൾപ്പെടുന്നതായിരിക്കും. ലേലത്തിൽ പങ്കുകൊള്ളുവാൻ ഉദ്ദേശിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് മുൻപ് ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ ഗുണനിലവാരവും അളവുകളും കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ലേലത്തിനുശേഷം ഇത് സംബന്ധിച്ച് യാതൊരുവിധ പരാതിയും പരിഗണിക്കുന്നതല്ല. ലേലത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവർ തേക്ക് തടിയുടെ ലേലത്തിനാണെങ്കിൽ 20,000/- രൂപയും മറ്റ് തടികളുടെ ലേലത്തിനാണെങ്കിൽ 10,000/- രൂപയും മറ്റ് വന വിഭവങ്ങളുടെ കാര്യത്തിൽ 2,000/- രൂപയും നിരതദ്രവ്യമായി ലേലത്തിനുമുൻപ് കെട്ടിവയ്ക്കേണ്ടതാണ്. കോടതി ഉത്തരവ് വാങ്ങി ലേലം ചെയ്യുന്ന തടികളുടെയും മറ്റ് വനവിഭവങ്ങളുടെയും മുഴുവൻ ലേലത്തുകയും ലേല ദിവസം തന്നെ കെട്ടിവയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അതത് റെയിഞ്ച് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

പട്ടിക

ലേലത്തീയതി 2010

| ക്രമ നമ്പർ | റെയിഞ്ച് | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | തൊടുപുഴ | | | 17 | 19 | 18 | 21 | 16 | 16 | 16 | 14 | 18 | 14 |
| 2 | കോതമംഗലം | | | 19 | 21 | 20 | 23 | 20 | 18 | 17 | 18 | 23 | 17 |
| 3 | മുള്ളരിങ്ങാട് | | | 22 | 26 | 25 | 25 | 23 | 20 | 22 | 20 | 25 | 21 |
| 4 | കാളിയാർ | | | 24 | 28 | 28 | 28 | 27 | 27 | 24 | 25 | 29 | 28 |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കോതമംഗലം

(ഒപ്പ്) കെ. വിജയാനന്ദൻ ഐ.എഫ്.എസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോതമംഗലം.

(കേരള ഗവർണ്ണർക്കുവേണ്ടി)

10783/F3/10/PR